"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് മുൻസിപ്പൽ കൗൺസിലർമാർ അധികമായി നടത്തിയ പഠനയാത്രയ്ക്കും അതിനായി ചെലവായ അധിക തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഎം) വകുപ്പ്**

**സ.ഉ.(സാധാ) നം.3016/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/11/2018

---

പരാമർശം:- 1 26/07/2017 ലെ സ.ഉ(സാധാ)നം.2598/2017/തസ്വഭവ നമ്പർ ഉത്തരവ്.

2 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 09/07/2018, 05/10/2018 തിയതികളിലെ ഡി1/95617/2016 നമ്പർ കത്ത്.

**ഉത്തരവ്**

മാലിന്യ സംസ്കരണം , ഇ-ഗവേണൻസ്, നഗരഭരണ സംവിധാനം എന്നിവ സംബന്ധിച്ച പഠനം നടത്തുന്നതിലേയ്ക്കായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ 75 കൗൺസിലർമാർക്ക് രണ്ട് ഘട്ടങ്ങളിലായി ഡൽഹി, ചണ്ഡിഗഡ്, സിംല, എന്നീ നഗരങ്ങളിൽ 10 ദിവസത്തേയ്ക്ക് യാത്ര നടത്തുന്നതിന് 5 ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക ചെലവഴിയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. എന്നാൽ, ടി നഗരസഭയിലെ 44 കൗൺസിലർമാർ അമൃതസർ, ആഗ്ര, ജയ്പ്പൂർ എന്നീ നഗരങ്ങൾ കൂടി സന്ദർശിച്ച് ഓഫീസ് പ്രവർത്തനം,മാലിന്യ സംസ്കരണം, ഭരണ സംവിധാനം എന്നിവ നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതും ടി സ്ഥലങ്ങൾ അധികമായി സന്ദർശിച്ച വകയിൽ മൊത്തം ചെലവ് 900552/- രൂപയായെന്നും , അധിക സ്ഥലങ്ങളിൽ യാത്ര നടത്തിയതിനും, അധികം ചെലവായ4,00,552/- (നാല് ലക്ഷത്തി അഞ്ഞൂറ്റി അൻപത്തി രണ്ട് രൂപ) തനത് ഫണ്ടിൽ നിന്നും ചെലവഴിയ്ക്കുന്നതിനും അനുമതി നല്കണമെന്നും പരാമർശം (2)

കത്ത് പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർ അധികമായി നടത്തിയ പഠനയാത്രയ്ക്കും, അതിനായി ചെലവായ അധിക തുകയായ 4,00,552/-രൂപ (നാല് ലക്ഷത്തി അഞ്ഞൂറ്റി അൻപത്തി രണ്ട് രൂപ) തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
മേയർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.
സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ(എ&ഇ)/(ഓഡിറ്റ്) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ കോപ്പി / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Radhakrishnan
സെക്ഷൻ ഓഫീസർ